# STD - VII

## അദ്ധ്യാപക സഹായി

## പാഠം - പത്ത്   സഹനദാസൻ   ഭാഗം - ഒന്ന്

### ലക്ഷ്യം

തന്റെ ജനത്തെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും വേണ്ടിയാണ് ദൈവം സഹനം അനുവദിക്കുന്നത്. സഹനങ്ങൾ നന്മയിലേക്കുള്ള പാതയാണ്. യേശുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും സഹനത്തിന്റെ പാരമ്യം ദർശിക്കാനാകും. മറ്റുള്ളവരുടെ സഹനത്തിൽ യേശു പങ്കുചേർന്നതുപോലെ ഞാനും മറ്റുള്ളവരുടെ സഹനത്തിൽ പങ്കുചേരും.

### പഠനസഹായികൾ

* യൂ-ട്യൂബ് വീഡിയോ - ഈശോയുടെ പീഡാനുഭവം
* Passion of Christ - Cinema Video Clipping
* നമ്മെപ്പോലെ പച്ചയായ മനുഷ്യശരീരം തന്നെയായിരുന്നു ഈശോയ്ക്കും ഉണ്ടായിരുന്നത്. ഈശോ എന്തൊക്കെ പീഡകൾ സഹിച്ചാണ് മരിച്ചത് എന്ന് നമുക്കെല്ലാവർക്കും അറിയാം. കാൽവരിയിലേക്കുള്ള യാത്രയിൽ തന്റെ മാതാവിനെ കണ്ടുമുട്ടിയപ്പോൾ ശാരീരികവേദനയേക്കാൾ ഈശോയെ അലട്ടിയത് മാനസികവേദനയായിരുന്നു.
* ഭൂമിയിൽ ഒരു മനുഷ്യനും അനുഭവിക്കാത്തത്ര ശാരീരികവും മാനസികവുമായ വേദനകൾ ഈശോ അനുഭവിച്ചു. എന്നാൽ ഈ വേദനകളെയെല്ലാം മറികടന്നുകൊണ്ട് മൂന്നാംനാൾ ഈശോ ഉയിർത്തെഴുന്നേറ്റു.
* സഹനങ്ങളിൽ നമുക്കുള്ള മാതൃക ഈശോയുടെ ജീവിതം തന്നെയാണ്.
* വചനം - ഏശ. 50:5-7; ഏശ. 52:14

### പാഠത്തിന്റെ ഉള്ളടക്കം

* മിശിഹാ യഹൂദരുടെ വീക്ഷണത്തിൽ:

  ഏകദൈവത്തിൽ വിശ്വസിക്കുന്ന യഹൂദർ ഒരു രക്ഷകൻ വരുമെന്നും സമാധാനം സ്ഥാപിക്കുമെന്നും വിശ്വസിക്കുന്നു. എന്നാൽ ആ രക്ഷകൻ ത്രിത്വൈക ദൈവത്തിലെ രണ്ടാമത്തെ ആളായ പുത്രനായ ദൈവമാണെന്ന് അവർ വിശ്വസിക്കുന്നില്ല

* മിശിഹാ യേശുവിൽ:

  എല്ലാവർക്കും വേണ്ടി പ്രത്യേകിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെട്ടവർക്കുവേണ്ടി യേശു സഹനദായനായി മാറി.

* കണ്ണീരൊപ്പുന്ന യേശു:
  മറ്റുള്ളവരുടെ സഹനത്തിലുള്ള പങ്കുചേരലാണ് ഈശോ പ്രവർത്തിച്ച അത്ഭുതങ്ങ ളെല്ലാം.
* പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ.
* ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ - കർത്താവിന്റെ ദാസനെപ്പറ്റിയുള്ള ഗീത ങ്ങൾ.
* ജനത്തിന്റെ പാപം നിമിത്തമാണ് അവൻ പീഡനമേറ്റു മരിക്കേണ്ടിവന്നത് (ഏശ. 53:9)
* ഞാൻ എതിർക്കുകയോ പിന്മാറുകയോ ചെയ്തില്ല.... (ഏശ. 50:5-7)

## പ്രാർത്ഥന

പിതാവായ ദൈവമേ, ഞങ്ങളെ വേദനിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും, ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും ദുഃഖങ്ങളും സന്തോഷത്തോടെ സ്വീകരിക്കുവാനുള്ള കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. പഴയനിയമ വീക്ഷണമനുസരിച്ച് ദൈവം സഹനം അനുവദിക്കുന്നത് എന്തിനാണ്
2. മിശിഹായെക്കുറിച്ചുള്ള യഹൂദരുടെ വീക്ഷണം എഴുതുക.
3. മറ്റുള്ളവരുടെ കണ്ണീരൊപ്പിയ യേശുവിന്റെ സഹനത്തിന്റെ പാരമ്യത്തെക്കുറിച്ച് വിവരിക്കുക.
4. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ കർത്താവിന്റെ ദാസനെപ്പറ്റിയുള്ള ഗീതങ്ങൾ ഏതെല്ലാമാണ്?
5. കണ്ടാൽ മനുഷ്യനല്ലെന്നു തോന്നുമാറ് പീഡനംമൂലം വിരൂപമാക്കപ്പെട്ട സഹനദാസനെക്കുറിച്ച് ഏശയ്യാ പ്രവാചകൻ പറഞ്ഞ വാക്കുകൾ എന്താണ്?

# STD - VII

## അദ്ധ്യാപക സഹായി

## പാഠം - പത്ത്   സഹനദാസൻ   ഭാഗം - രണ്ട്

### ലക്ഷ്യം

ക്രിസ്തുവിനും അവിടത്തെ ദൈവരാജ്യത്തിനുംവേണ്ടി നേരിടേണ്ടിവരുന്ന അനുദിന കുരിശും വഹിച്ചു ജീവിക്കേണ്ടവരാണ് ക്രൈസ്തവരായ നാം. നാം സഹിക്കുമ്പോൾ നാം ഒറ്റയ്ക്കല്ല, ക്രൂശിതനായ യേശുവും നമ്മോടൊത്തു സഹിക്കുന്നു. സഹനങ്ങളാണ് സ്നേഹത്തിന്റെ ആഴം കൂട്ടുന്നത്. മറ്റുള്ളവർക്കുവേണ്ടി സഹിക്കുകയും അവരുടെ സഹനത്തിൽ പങ്കുചേരുകയും ചെയ്യും.

### പഠനസഹായികൾ

* ചാർട്ട് - സഹനങ്ങൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ എന്തു ചെയ്യണം - വചനങ്ങൾ സഹിതം
* വചനം - റോമാ. 8;31-39, റോമ. 12:4-21, ഫിലി. 2:6-11
* വിശുദ്ധ അൽഫോൻസാമ്മയുടെ സഹനജീവിതം - വിവരണം

### പാഠത്തിന്റെ ഉള്ളടക്കം

* സഹനം നമ്മുടെ ജീവിതത്തിൽ:

  സഹനം ആർക്കും ഇഷ്ടമുള്ള കാര്യമല്ല. മനുഷ്യനായി പിറന്ന ഈശോയും കുരിശിൽ പിടഞ്ഞപ്പോൾ ഈ സഹനം മാറ്റണമേ എന്ന് പ്രാർത്ഥിച്ചു. എന്നാൽ തിരുവുത്ഥാനത്തിലൂടെ സഹനം നമുക്ക് വരാനിരിക്കുന്ന നന്മയിലേക്കുള്ള പാതയാണെന്ന് യേശു കാണിച്ചു തന്നു. ആയതിനാൽ സഹനങ്ങളിൽ നാം ദൈവത്തെ പഴിക്കരുത്. ക്ഷമയോടും പ്രത്യാശയോടും കൂടി ദൈവത്തെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടു പോവുക.
* നാം സഹിക്കുമ്പോൾ നാം ഒറ്റയ്ക്കല്ല, ക്രൂശിതനായ യേശുവും നമ്മോടൊത്തു സഹിക്കുന്നു.
* നമ്മുടെ ഭക്ഷണം, വസ്ത്രം, അറിവ്, സുഖസൗകര്യങ്ങൾ എന്നിവ ഇല്ലാത്തവരുമായി പങ്കുവയ്ക്കുക.
* സഹനത്തിന്റെ ദുഃഖവെള്ളിയിലൂടെ കടന്നുപോയാണ് ഉത്ഥാനത്തിന്റെ വിജയം യേശു നേടിയത്.

* ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും, അവൻ ദൈവവുമായുള്ള സമാനത, നില നിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല.
* മനുഷ്യജീവിതത്തിന്റെ ഭാഗമാണ് സഹനം

## പ്രാർത്ഥന

സഹനദാസനായ യേശുവേ, ഞങ്ങൾക്കുണ്ടാകുന്ന സഹനങ്ങൾ ധീരതയോടെ നേരിടുവാനും, നീതിക്കുവേണ്ടി, സഹനത്തിന്റെ വഴികളിൽ ആയിരിക്കുന്നവർക്കുവേണ്ടി ശബ്ദമുയർത്താനും മറ്റുള്ളവരുടെ സഹനത്തിൽ പങ്കുചേരുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ, ആമേൻ

## ചോദ്യങ്ങൾ

1. ജീവിതത്തിൽ സഹനങ്ങൾ നേരിടേണ്ടിവരുമ്പോൾ എന്തുചെയ്യണമെന്നും, എങ്ങനെ പെരുമാറണമെന്നുമാണ് വചനം നമ്മെ പഠിപ്പിക്കുന്നത്.
2. മനുഷ്യജീവിതത്തിന്റെ ഭാഗമാണ് സഹനം - വ്യക്തമാക്കുക.
3. കുരിശുമരണംവരെ അനുസരണയുള്ളവനായി തന്നെത്തന്നെ സ്വയം താഴ്ത്തിയ രക്ഷകനായ യേശുവിനെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിലൂടെ പറഞ്ഞ വചനങ്ങൾ (ഫിലി. 2:6-11) എഴുതുക.
4. മറ്റുള്ളവർക്കുവേണ്ടി സഹിച്ചുകൊണ്ട് സ്നേഹത്തിന്റെ കല്പന പൂർത്തിയാക്കാൻ നമുക്ക് ചെയ്യാവുന്നത് എന്തെല്ലാമാണെന്ന് വിശദീകരിക്കുക.
5. സഹനങ്ങൾ വരുമ്പോൾ നാം ദൈവത്തെ തള്ളിപ്പറയരുത് എന്നു പറയുന്നത് എന്തുകൊണ്ട്? നിങ്ങളുടെ സ്വന്തം വാക്യത്തിൽ ഉത്തരമെഴുതുക.